O/c

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

## നവകേരളീയം - കുടിശ്ശിക നിവാരണം - 2023

നം : DFTVM/2128/2021-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:09-11-2023
ഇ-മെയിൽ :fisheriesdirector@gmail.com

## സർക്കുലർ നമ്പർ 05/2023

വിഷയം :- ഫിഷറീസ് - സഹകരണം - പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിൽ കുടിശ്ശിക നിർമാർജന പദ്ധതി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 സംഘടിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 38/2023 നമ്പർ സർക്കുലർ.

പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘങ്ങളിലെ കുടിശ്ശിക / നിഷ്ക്രിയ ആസ്തി വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുന്നു. തൻമൂലം സംഘങ്ങളുടെ നഷ്ടം കൂടുന്നതിനും, ആയത് മത്സ്യ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നു.

ഈ സാഹചര്യത്തിൽ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക മത്സ്യസംഘങ്ങളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ ഫിഷറീസ് സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66(A), 74 (F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം - കുടിശ്ശികനിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി – 2023" നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## നവ കേരളീയം കുടിശ്ശികനിവാരണം
## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - 2023

ഈ പദ്ധതിയുടെ കാലാവധി 2023 നവംബർ 1 മുതൽ 2023 നവംബർ 30 വരെ ആയിരിക്കും. ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി ബാധകം ആയിരിക്കും. കരുതൽ വയ്ക്കേണ്ടി വന്നതും പ്രാഥമിക സംഘങ്ങളുടെ നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക / നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും ഇതിലൂടെ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളുടെ കുടിശ്ശിക പരമാവധി കുറയ്ക്കുകയും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുകയും ചെയ്യുക എന്നതാണ്

ഈ പദ്ധതി ലക്ഷ്യമിടുന്നത്. മാത്രമല്ല നല്ല രീതിയിൽ വായ്പാ തിരിച്ചടവ് നടത്തുന്നവർക്ക് പലിശ ഇൻസെൻറീവും പദ്ധതി ലക്ഷ്യമിടുന്നു.

പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക മത്സ്യസഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതി ബാധകമാവുക.

2. 2023 ഒക്ടോബർ31 വരെ പൂർണ്ണമായോ ഭാഗികമായോ കുടിശികയായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കലിനായി പരിഗണിക്കാവുന്നതാണ്.

3. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയസംബന്ധമായ ശാസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എച്ച്ഐവി ബാധിതർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസികരോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ഈ രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ) അവരുടെ ചികിത്സ വായ്പക്കാരൻറെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ, ഓരോ വായ്പക്കാരൻറെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പാ ബാധ്യത തീർപ്പാക്കാവുന്നതാണ്.

4. വായ്പക്കാരൻറെ നിലവിലെ സാമ്പത്തിക സാഹചര്യം, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി, ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും ടി ധാരണ പ്രകാരം വായ്പാ തിരിച്ചടവിന് അവസരം നൽകേണ്ടതുമാണ്.

5. 100% കരുതൽ വയ്ക്കേണ്ടി വന്നിട്ടുള്ള വായ്പകൾ ഈ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിന് പ്രത്യേകം മുൻഗണന നൽകേണ്ടതാണ്.

6. സർക്കുലർ മാർഗനിർദ്ദേശ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സംഘത്തിൻറെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുക്കേണ്ടതാണ്.

7. ഈ പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിൽ ആണ് പലിശ കണക്കാക്കേണ്ടത്.

8. ഈ പദ്ധതി പ്രകാരം അവസാനിപ്പിക്കുന്ന എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണമായും ഒഴിവാക്കേണ്ടതാണ്.

9. ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കാവുന്നതാണ്. 2,00,000/- രൂപ വരെയുള്ള വായ്പകളിൽ ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ സംഘത്തിൻറെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് സംഘം ഭരണസമിതിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

I. 50,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

(എ) അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000 രൂപ വരെയുള്ള വായ്പകൾ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബാക്കിനിൽപ്പ് മുതൽ തുക മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(ബി) 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000 രൂപയ്ക്ക് മുകളിൽ 50,000 രൂപ വരെയുള്ള